**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1536** **30-08-2022 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം പുനരധിവാസ പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. അഹമ്മദ് ദേവർകോവിൽ (തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | 2011-16 കാലയളവിലെ സർക്കാർ വിഴിഞ്ഞം പുനരധിവാസ പാക്കേജിനായി എത്ര കോടി രൂപയാണ് വകയിരുത്തിയതെന്ന് വ്യക്തമാക്കുമോ; | (എ) | പുനരധിവാസത്തിനായി 475 കോടി രൂപ 5 വർഷം കൊണ്ട് അനുയോജ്യമായ പദ്ധതികൾക്ക് വിനിയോഗി ക്കാവുന്ന തരത്തിൽ വിഭാവനം ചെയ്തിരുന്നു. |
| (ബി) | പ്രസ്തുത പാക്കേജ് പ്രകാരം 2015 മുതൽ 2020 വരെയുള്ള കാലയളവിൽ മത്സ്യത്തൊഴിലാളികളുടെ ഭവന നിർമാണത്തിനായി എത്ര കോടി രൂപ വിനിയോഗിക്കാനാണ് നിർദേശിച്ചിട്ടുള്ളതെന്നും ഈയിനത്തിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ? | (ബി) | തുറമുഖനിർമ്മാണം മൂലം തീരശോഷണം സംഭവിച്ചാൽ പദ്ധതിയേതര മേഖലയിലുള്ളവരെ പുനരധിവസിപ്പി ക്കുന്നതിനായി ഫ്ളാറ്റുകൾ നിർമ്മിച്ച് നൽകുന്നതിനായി 350 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ തിരുവനന്തപുരം ജില്ലയിലെ കടലോരത്ത് വേലിയേറ്റ രേഖയുടെ 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന മുഴുവൻ മത്സ്യതൊഴിലാളികളെയും പുനരധിവസിപ്പി ക്കുവാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇതിന് ഏതാണ്ട് 2650 കോടി രൂപ ചെലവാകും എന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇതുവരെ 340 ഫ്ലാറ്റുകൾ നിർമ്മിച്ച് കൈമാറി. തിരുവനന്തപുരം ജില്ലയിൽ സർക്കാർ സഹായത്തോടു കൂടി 800 പേർക്ക് ഭൂമി സ്വന്തമായി വാങ്ങി നൽകി. 192 ഫ്ലാറ്റുകൾകൂടി നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട. ക്ഷീര വികസന വകുപ്പിന്റെ ഭൂമി ലഭിക്കുന്ന മുറക്ക് കൂടുതൽ ഫ്ലാറ്റുകൾ നിർമ്മിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ